ഉപയോഗശൂന്യമായി സമുദ്രത്തിലേക്ക് ഒഴുകിപ്പോകുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വൻകിട അണക്കെട്ടുകൾക്ക് പണം വാരിക്കോരി ചെലവാക്കുകയും, മദ്ധ്യത്തിലോ അവസാനത്തിലോ പണി നിന്നുപോകുകയും ചെയ്യുന്ന ദു:സ്ഥിതിക്ക് അറുതി വരുത്താൻ ചെറിയ ചെറിയ അണക്കെട്ടുകൾ ഉണ്ടാക്കി ഉപയോഗശൂന്യമായി പോകുന്ന ഈ ജലം കെട്ടി നിറുത്തി കൃഷിക്ക് ഉപയോഗപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഡോക്ടർ കെ. ജി. അടിയോടി : വൻകിട ജലസേചന പദ്ധതികൾക്ക് പണം വാരിക്കോരി ചെലവാക്കുന്നില്ല. ചെറുകിട ജലസേചന പദ്ധതികൾ എളുപ്പം പൂർത്തിയാക്കാൻ കഴിയുന്നവയാണ്. ജനപങ്കാളിത്തത്തോടുകൂടി അതിന് സൗകര്യമുള്ള സ്ഥലങ്ങളിൽ ആ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൃഷിക്ക് ഉപയോഗിക്കേണ്ട വളരെ കൂടുതൽ വെള്ളം കടലിലേയ്ക്ക് ഒഴുകിപോകുന്നു എന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സർഫേസ് വാട്ടർ, അണ്ടർഗ്രൗണ്ട് വാട്ടർ ഇതു രണ്ടും ഏതേതു മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മറിയെ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി പഠനം ആരംഭിച്ചിട്ടുണ്ട്. ഒരു ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വൻകിട പദ്ധതികൾ വഴി 1,50,000 ഏക്കർ സ്ഥലത്തും, ചെറുകിട ജല സേചന പദ്ധതികൾ വഴി ഒരു ലക്ഷം ഏക്കർ സ്ഥലത്തും ജലസേചനം നൽകാനാണ് ഇരുപതിന പരിപാടിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ് : നദീതട കാർപ്പറേഷനെപ്പറ്റി പറഞ്ഞപ്പോൾ പ്രായോഗികമല്ലെന്ന് പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡ് കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയത് ഒരു ആട്ടോണമസ് ബാഡിയായതുകൊണ്ടല്ലേ ? അതുപോലെ ഒരു ഇറിഗേഷൻ ബോർഡോ അല്ലെങ്കിൽ ഒരു കോർപ്പറേഷനോ രൂപീകരിച്ചാൽ, ഇപ്പോഴത്തെന്നെ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ളതിനേക്കാൾ പതിൻമടങ്ങ് തുക വേണ്ടി വരുമെന്നുള്ളത് മനസിലാക്കിക്കൊണ്ട്, സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് പണം കടം എടുക്കുന്നത് ഈ പരിപാടികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുമെന്നു കരുതി അങ്ങനെയൊരു ബോർഡ് ഉണ്ടാക്കുന്നത് ബുദ്ധിപൂർവ്വകമായിരിക്കുകയില്ലേ ?

ഡോക്ടർ കെ. ജി. അടിയോടി : ബോർഡ് രൂപീകരിക്കുന്നത് ബുദ്ധിപൂർവ്വകമായിരിക്കുകയില്ലെന്നാണ് കണക്കുകൾ വച്ചുകൊണ്ട് നോക്കിയാൽ തെളിയുന്നത്. ഏത് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നായാലും റിട്ടേൺ ഇല്ലാതെ പണം കടമായി കിട്ടുകയില്ല. അതുകൊണ്ട് ബോർഡ് ഉണ്ടാക്കുന്നതുകൊണ്ടുള്ള പ്രയോജനം കിട്ടുകയില്ല. അതുപോലെതന്നെ ഇന്നു നിലവിലുള്ള ജലസേചന കരം ഇന്നത്തെ മെയിന്റനൻസിനുപോലും പര്യാപ്തമല്ല എന്നുള്ളതുകൊണ്ട് ജലസേചനകരം വർദ്ധിപ്പിക്കണമെന്ന് കേന്ദ്രഗവൺമെന്റും, പ്ലാനിംഗ് കമ്മീഷനും, ഫൈനാൻസ് കമ്മീഷനും എല്ലാം എടുത്തു പറഞ്ഞിട്ടുള്ളതാണ്.

കല്ലട പദ്ധതി

* 72 [99] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള :

,, പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട പദ്ധതി ജനപങ്കാളിത്തത്തോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഈ സംരംഭം എത്രമാത്രം പുരോഗമിച്ചിട്ടുണ്ട് ;

(സി) ജനങ്ങളുടെ പങ്കാളിത്തം ഏതെല്ലാം വിധത്തിലാണ് പ്രതീക്ഷിക്കുന്നത് ?

വനവും ജലസേചനവും മന്ത്രി (ഡോ. കെ. ജി. അടിയോടി) :

(എ) ജന പങ്കാളിത്തത്തോടെ കല്ലട പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

(ബി) കല്ലട പദ്ധതിയുടെ ഭാഗമായ ശാസ്താംകോട്ട ബ്രാഞ്ചുകനാലിന്റെ മൂന്നു കിലോമീറ്റർ ദൂരത്തെ മൺവേല ശ്രമദാനംവഴി പൂർത്തിയാക്കുകയെന്നതാണ് ലക്ഷ്യം. ഇത് സാക്ഷാത്കരിക്കാൻ ഇന്നാട്ടിലെ വിദ്യാർത്ഥി സന്നദ്ധസേവാസംഘടനകളും, യുവജനങ്ങളും, രാഷ്ട്രീയ കക്ഷികളും മുന്നോട്ടുവന്നിട്ടുണ്ട്. ഇതിനകം 90,000-ൽ അധികം ദിവസത്തെ അദ്ധ്വാനം വാഗ്ദാനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ശ്രമദാനത്തിലേർപ്പെടുന്നവരെ 25 പേരടങ്ങുന്ന സംഘങ്ങളായി തിരിച്ച് അപ്രകാരം നാല് സംഘങ്ങളെ കനാലിന്റെ ഒരു പ്രത്യേക ദൂരത്തിലുള്ള പണിയുടെ ചുമതല ഏൽപ്പിക്കാനാണുദ്ദേശിക്കുന്നത്. ഈ പരിപാടി അനുസരിച്ച് കനാലിന്റെ നിർമ്മാണം ഈ മാസം 27-ാം തീയതി ആരംഭിക്കുന്നതാണ്. ദേശീയ സമ്പാദ്യ പദ്ധതിയിലേക്ക് കൂടുതൽ പണം സമാഹരിച്ച് അതിന്റെ വിഹിതം കല്ലട പദ്ധതിയുടെ പ്രവർത്തനത്തിന് ലഭ്യമാക്കാനും പരിപാടിയുണ്ട്.

(സി) പ്രധാനമായി പണം, അദ്ധ്വാനം എന്നീ വിധത്തിലാണ് ജന പങ്കാളിത്തം പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഭാരതത്തിനുതന്നെ ഒരു മാതൃകയാക്കി മാറ്റാവുന്ന ഈ വമ്പിച്ച യജ്ഞം നമ്മുടെ കേരളത്തിലെ എല്ലാ ജില്ലകൾക്കും പ്രയോജനം നൽകുമാറ് സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രചരണങ്ങളും സംഘടിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ; അതുപോലെ ഈ സഭയിലുള്ള എല്ലാ മെമ്പർമാരും ഈ പ്രദേശത്ത് 27-ാം തീയതിക്കുശേഷം ഈ ശ്രമദാനത്തിൽ പങ്കുകൊള്ളുന്നതിനും അല്ലെങ്കിൽ കാഴ്ചക്കാരായെങ്കിലും വന്ന് പങ്കുകൊള്ളുന്നതിന് തയ്യാറാകുന്നതിനാവശ്യമായ സൗകര്യം അവർക്ക് ചെയ്തുകൊടുക്കുമോ ; അതുപോലെ മറ്റ് ഡിപ്പാർട്ടുമെന്റുകളുമായുള്ള കോ-ഓർഡിനേഷൻ ഈ വമ്പിച്ച പരിപാടി സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ ആലോചിക്കുമോ ; ഇങ്ങനെ ഈ പരിപാടി വമ്പിച്ച വിജയമാക്കിത്തീർക്കുന്നതിന് എല്ലാ ശ്രമവും നടത്തുമോ ?

ഡോ. കെ. ജി. അടിയോടി : ഈ സഭയിൽ ഇങ്ങനെയൊരു റസല്യൂഷൻ എടുക്കുന്നത് വളരെയധികം പ്രചോദനം നാട്ടുകാർക്ക് നൽകുമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതിനുവേണ്ടി ഞാൻ സഭയോടഭ്യർത്ഥിക്കുകയാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളും ഈ രംഗത്ത് മുന്നോട്ടുവന്നിട്ടുണ്ട്. ഇഞ്ചിനീയേഴ്സ് അസോസിയേഷൻ, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ പ്രത്യേക സംഘടന, എൻ. ജി. ഒ. അസോസിയേഷൻ, വിദ്യാർത്ഥികളും, എൻ. സി. സി., സ്കൗട്ട് അതുപോലെതന്നെ രാഷ്ട്രീയ സംഘടനകളും എല്ലാം തന്നെ ഇതിൽ പ്രത്യേകം സന്നദ്ധഭടൻമാരെ അയച്ച് പ്രത്യേകമായി ഓരോ കിലോമീറ്റർ ദൂരം അവർ ഏറ്റെടുത്ത് പൂർത്തിയാക്കാമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

പ്രചരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിലെയും സംസ്ഥാന ഗവൺമെന്റിലെയും വിവിധ മേഖലകളിലുള്ള ഉദ്യോഗസ്ഥൻമാർ ആത്മാർത്ഥമായി അവരുടെ എല്ലാ കഴിവുകളും വിനിയോഗിക്കുന്നുണ്ട്. എ. ഐ. ആർ.,

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം എല്ലാംതന്നെ ഇതിന് വേണ്ടുന്ന പ്രചോദനം നാട്ടുകാർക്ക് നൽകുന്ന രീതിയിലുള്ള പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. കാര്യമായി ഈ പദ്ധതിയെപ്പറ്റി ആലോചിക്കുമ്പോൾ ജനങ്ങളുടെ ശക്തി തികച്ചും പ്രയോജനപ്രദമായി ഉപയോഗിക്കാനും ഈ മേഖലയിൽക്കൂടി മറ്റു സ്ഥലങ്ങളിലേക്ക് അത് വ്യാപിപ്പിക്കാനും ഇത് പ്രചോദനം നൽകുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നതും. അതിലേക്കായി രാഷ്ട്രീയമായ പരിഗണന അല്പംപോലുമില്ലാത്ത രീതിയിൽ ദേശീയ താൽപ്പര്യത്തെ മുൻനിറുത്തിക്കൊണ്ട് ഈ രംഗത്ത് എല്ലാ ഭാഗത്തുനിന്നും ഒരുപോലുള്ള സഹായസഹകരണങ്ങൾക്കുവേണ്ടി പ്രത്യേകം പൊതുജനങ്ങളോടും രാഷ്ട്രീയ കക്ഷികളോടും വിദ്യാർത്ഥികളോടും മറ്റ് വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്ന ആളുകളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുണ്ടാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : നമ്മുടെ കലാകാരൻമാരെയും കലാസമിതികളെയും ഈ രംഗത്തേക്ക് കൃഷ്ണിക്കുകയും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി കലാപരിപാടികളും സംഘടിപ്പിക്കുന്നതിനുവേണ്ടി കലാകാരൻമാരെയും കലാസമിതികളെയും കൃഷ്ണിക്കുന്നതിന് ഭയവുണ്ടാകുമോ ?

ഡോ. കെ. ജി. അടിയോടി : കലാകാരൻമാർ, പഞ്ചായത്ത് പ്രസിഡൻറുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നുവേണ്ട എല്ലാ ആളുകൾക്കും പ്രത്യേകമായി കത്തയച്ച് കൃഷ്ണിച്ചിട്ടുണ്ട്. ഇതിൽ അവരവരുടേതായി ഏതെല്ലാം മേഖലകളിൽ അവർക്ക് സഹായിക്കാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്ന് പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. കലാകാരൻമാരും ഈ പദ്ധതി ആരംഭിച്ചാൽ അവിടെവന്ന് അവരുടെ കഴിവിനനുസരിച്ച് പ്രവർത്തിക്കാമെന്ന് ഏറ്റിട്ടുണ്ട്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : ശ്രമദാനത്തിനും കലാപരിപാടികൾക്കും സന്നദ്ധരായി വരുന്നവർക്ക് എന്തെല്ലാം സഹായസഹകരണങ്ങൾ ഗവൺമെന്റ് ചെയ്തുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡോ. കെ. ജി. അടിയോടി : ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരോഗ്യസംരക്ഷണത്തിനുവേണ്ടിയുള്ള എല്ലാ ഏർപ്പാടുകളും ചെയ്യാമെന്നും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഏറ്റിട്ടുണ്ട്. പ്രത്യേകമായി എന്തെങ്കിലും ശ്രമദാനം നടത്തുമ്പോൾ ഏതെങ്കിലും തരത്തിൽ പരിക്കുകളോ മറ്റോ ഉണ്ടായാൽ അതിന് ഫുൾ ഫ്ളഡ്ജ്ഡ് ഹോസ്പിറ്റലുകൾ അവിടെ സ്ഥാപിച്ചിട്ടുണ്ട്. വിശ്രമത്തിന് താൽക്കാലികമായ ഷെഡ്ഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. കെയറിന്റെ വകയായി 85 ടണ്ണോളം ഗോതമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ എല്ലാ ദിവസങ്ങളിലും കലാപരിപാടികൾക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്കുമെൻററി ഫിലിം, ഫീച്ചർഫിലിം ഇതെല്ലാം സംഘടിപ്പിച്ചിട്ടുണ്ട്. അടുക്കോടും ചിട്ടയോടും ശ്രമദാനം നടത്താൻ തയ്യാറാകുന്ന ആളുകൾക്ക് ഇതുപോലുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കും. അല്ലാത്ത ആളുകൾക്കുവേണ്ടിയുള്ള ഒരു സൗകര്യവും ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവുകയുമില്ല.

പഞ്ചായത്ത് മെമ്പർമാർ ഇല്ലാത്ത പഞ്ചായത്ത് വാർഡുകൾക്ക് മുൻഗണന

* 73 [100] ശ്രീ. ദാമോദരൻ കാളാശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും പഞ്ചായത്ത് മെമ്പർമാരുടെ ഒഴിവുകൾ ദീർഘകാലമായിത്തന്നെ നിലനിൽക്കുന്നതുമൂലം ആ പ്രദേശങ്ങളിലെ പ്രശ്നങ്ങൾക്ക് പലതിനും പരിഹാരം കണ്ടെത്താൻ കഴിയുന്നില്ലെന്ന വിവരം ഗവൺമെന്റിന് അറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly